**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 369** **29-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാന സിവിൽ സർവ്വീസിലും അഖിലേന്ത്യാ സർവ്വീസുകളിലും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഓരോ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി സർക്കാർ വകുപ്പുകളിൽ നിന്ന് പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ട് ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം (10%) ലഭിക്കാത്ത വകുപ്പുകളിൽ ആവശ്യമായ തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്ത് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്നു. |
| (ബി) | അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷകൾക്കും സമാന പരീക്ഷകൾക്കും തയ്യാറെടുക്കുന്ന പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ? | (ബി) | അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയുൾപ്പെടെയുള്ള പ്രധാന മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന് കീഴിൽ തിരുവനന്തപുരം മണ്ണന്തലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (ICSETS) എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ മറ്റ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട തെരഞ്ഞെടുക്കപ്പെടുന്ന 30 വിദ്യാർത്ഥികൾക്ക് "ലക്ഷ്യ" സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ സിവിൽ സർവ്വീസ് പരിശീലനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ICSETS മുഖേന ഫീസ് ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ